LIBRARY ARCHIVES Kerala Legislative Assembly

വനിതകളെ അറസ്റ്റ് ചെയ്യാൻ വനിതാ പോലീസ് വേണ്ടെന്ന കോടതി വിധി

38 [753] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പി. സി. ജോർജ്ജ്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളെ അറസ്റ്റ് ചെയ്യുന്നതിന് വനിതാ പോലീസ് ആവശ്യമില്ലെന്ന കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും നിയമനടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ വനിതാ പോലീസിന്റെ സഹായത്തോടെയാണ് വനിതകളെ അറസ്റ്റ് ചെയ്യുന്നത്.

(ബി, സി) കോടതിവിധിയുടെ പകർപ്പ് ലഭ്യമായാലുടൻ വിശദമായി പരിശോധിച്ച് ആവശ്യമാണെന്ന് കാണുകയാണെങ്കിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പോലീസിൽ പരാതി നൽകിയതിന് സ്ത്രീയെ മർദ്ദിച്ച സംഭവം

39 [756] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം പോലീസ് സ്റ്റേഷൻ അതിർത്തിക്കടുത്തുള്ള കട്ടച്ചൽക്കുഴി പ്രദേശത്ത് കട്ടച്ചൽക്കുഴി ചരുവിള വീട്ടിൽ വേണു എന്നയാൾ ചാരായ വിൽപ്പന നടത്തിയത് പോലീസിനെ അറിയിച്ചതിനെത്തുടർന്ന് കട്ടച്ചൽക്കുഴി തിരണിവിള വീട്ടിൽ ശ്രീകലയെ ഇയാൾ എന്നെല്ലാം മർദ്ദിച്ചിട്ടുണ്ട് എന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഒടുവിൽ വേണു ശ്രീകലയെ മർദ്ദിച്ചത് സംബന്ധിച്ച് 24-10-2003-ൽ ബാലരാമപുരം പോലീസ് എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുണ്ടോ;

(സി) സൗത്ത് സോൺ ഐ.ജി., മേഖലാ ഡി.ഐ.ജി., ഡി.ജി.പി. എന്നിവർക്ക് ഇത് സംബന്ധിച്ച് 3-11-2003-ൽ പരാതി ലഭിച്ചുവോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിയെ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ഡി.ജി.പി. ഉത്തരവിട്ടുവോ;

(ഇ) എങ്കിൽ ഈ ഉത്തരവ് നടപ്പാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) ഇയാളെ ഉടനടി കെ. ഡി. ലിസ്റ്റിൽ പെടുത്തുമോ?